# കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

നമ്പർ: പി.ആർ(1)17911/17/ഗ.വി./30

തിരുവനന്തപുരം
10.03.2020

## പ്രസിദ്ധീകരണത്തിന്

### പി.എസ്.സി. പരീക്ഷ, പ്രമാണപരിശോധന, സർവീസ് വെരിഫിക്കേഷൻ മുതലായവ മാറ്റിവച്ചു

കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കേരള പബ്ലിക് സർവീസ് കമ്മിഷന്റെ എല്ലാ ഓഫീസുകളിലും പഞ്ചിംഗ് താത്കാലികമായി നിർത്തിവയ്ക്കാൻ തീരുമാനിച്ചു. പ്രമാണപരിശോധന, സർവീസ് വെരിഫിക്കേഷൻ, ഉദ്യോഗാർത്ഥികൾക്ക് നേരിട്ട് നിയമനശിപാർശ നൽകൽ എന്നിവ മാർച്ച് 20 വരെ നിർത്തിവച്ചിരിക്കുന്നു. 2020 മാർച്ചിൽ നടത്താനിരുന്ന കാറ്റഗറി നമ്പർ 331/18, 332/18, 333/18, 334/18 എന്നീ വിജ്ഞാപനങ്ങൾ പ്രകാരമുള്ള റിപ്പോർട്ടർ ഗ്രേഡ് 2 (മലയാളം), കാറ്റഗറി നമ്പർ 539/17, 134/11 വിജ്ഞാപനങ്ങൾ പ്രകാരമുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 (പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കുള്ള നിയമനം, പട്ടികവർഗ്ഗക്കാർക്ക് മാത്രം) എന്നീ തസ്തികകളുടെ ഡിക്റ്റേഷൻ ടെസ്റ്റ്, കാറ്ററി നമ്പർ 41/19 വിജ്ഞാപന പ്രകാരം പോലീസ് കോൺസ്റ്റബിൾ (ഐ.ആർ.ബി.) തസ്തികയുടെ ഒ.എം.ആർ. പരീക്ഷ എന്നിവ മാറ്റി വച്ചിരിക്കുന്നു. മാർച്ച് 20 വരെ നടത്താൻ നിശ്ചയിച്ചിരുന്ന കാറ്റഗറി നമ്പർ 120/17 വിജ്ഞാപന പ്രകാരമുള്ള ഫോറസ്റ്റ് ഡ്രൈവർ, കാറ്റഗറി നമ്പർ 65/18 വിജ്ഞാപനപ്രകാരമുള്ള എറണാകുളം ജില്ലയിലെ സിവിൽ എക്സൈസ് ഓഫീസർ (എൻ.സി.എ. -എസ്.സി.സി.സി.), കാറ്റഗറി നമ്പർ 653/17 വിജ്ഞാപന പ്രകാരമുള്ള വനിതാ പോലീസ് കോൺസ്റ്റബിൾ, കാറ്റഗറി നമ്പർ 626/17 മുതൽ 634/17 വരെയുള്ള വിവധ എൻ.സി.എ. സമുദായങ്ങൾക്ക് വേണ്ടി വിജ്ഞാപനം ചെയ്ത വനിതാ പോലീസ് കോൺസ്റ്റബിൾ എന്നീ തസ്തികകളുടെ കായികക്ഷമതാപരീക്ഷ മാറ്റിവച്ചു. മാർച്ച് 11 ന് നടത്താൻ നിശ്ചയിച്ചിരുന്ന വകുപ്പുതല ഓൺലൈൻ പരീക്ഷ ഏപ്രിൽ 5 ലേയ്ക്ക് മാറ്റി നിശ്ചയിച്ചിരിക്കുന്നു. വകുപ്പുതല പരീക്ഷകളുടെ സർട്ടിഫിക്കറ്റുകളുടെ നേരിട്ടുള്ള വിതരണം മാർച്ച് 20 വരെ നിർത്തിവച്ചിരിക്കുന്നു. മുൻ നിശ്ചയിച്ച പ്രകാരമുള്ള അഭിമുഖങ്ങൾക്ക് മാറ്റമില്ല. എന്നാൽ കോവിഡ് 19 വ്യാപനം കാരണമായി അഭിമുഖത്തിൽ പങ്കെടുക്കാൻ കഴിയാത്തവർക്ക് മറ്റൊരു അവസരം നൽകുന്നതാണ്.

**സലാഹുദ്ദീൻ വൈ.**
പബ്ലിക് റിലേഷൻസ് ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ